ഖുത്ബ നമ്പർ
07
17-02-2012

بسم الله الرحمن الرحيم
نحمده اونصلی علیٰ رسوله الکریم O وعلیٰ عبده المسیح الموعود

# ജുമുഅ ഖുത്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایده الله تعالیٰ بنصره العزیز

വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം



# വാഗ്ദത്ത പുത്രൻ; മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ജീവനുള്ള മതം അല്ലാഹുവിന്റെ ശക്തി പ്രഭാവത്തിന്റെ പ്രഭ എല്ലായിപ്പോഴും കാണാൻ സാധിക്കുന്ന മതം മാത്രമാണ്. ഇന്ന് ജീവനുള്ള മതമാണ് എന്ന വാദവും അതിനുള്ള പ്രവർത്തന തെളിവും കേവലം ഇസ്‌ലാം മാത്രമാണ് നൽകുന്നത്. ഇസ്‌ലാമിന്റെ ദൈവം അവൻ ഇന്നും അവൻ ആഗ്രഹിക്കുന്ന വരെ സംസാരിക്കുന്നവരാക്കി തീർക്കുന്നു. അവരോട് സംസാരിക്കുന്നു. അവരുടെ ദുആകൾ കേൾക്കുകയും ഉത്തരംനൽകുകയും ചെയ്യുന്നു. തന്റെ ശക്തി പ്രഭാവത്തി ന്റെ പ്രഭ കാണിച്ച്കൊടുക്കുന്നു. ഈ കാലഘട്ടത്തിൽ തന്റെ വാഗ്ദാനമനുസരിച്ച് തന്റെ ശക്തി പ്രഭാവത്തിന്റെ പ്രകടനത്തിനായി മസീഹ് മൗഊദ് (അ) നെ അയക്കുകയുണ്ടായി. ഇത് ഈ കാലഘട്ടത്തിൽ പൂർത്തിയാകുന്നതിനെക്കുറിച്ച് റസൂൽ തിരുമേനിയും പ്രവചിച്ചിരുന്നു. മുസ്‌ലിംങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് അല്ലാഹുവിനെ അവന്റെ മുഴുവൻ സിഫത്തുകളോടും കൂടി സർവ്വശക്തനാണ് വിശ്വസിക്കുന്ന വിഭാഗം. അവർ അല്ലാഹുവിൽ ഇന്നും ആ എല്ലാ കഴിവുകളും ഉണ്ട്, അതേ ശക്തി പ്രഭാവം അവൻ ഇന്നും കാണിച്ചുകൊണ്ടിരിക്കുന്നു. ഏതൊന്നാണോ അവൻ അനാദികാലം മുതൽ കാണിച്ച്കൊണ്ടേയിരുന്നത് എന്ന ദൃഢവിശ്വാസത്തിൽ നിലകൊള്ളുന്നവരാണ്. എന്നാൽ റസൂൽ തിരുമേനി (സ) ഖാത്തമുൽ അമ്പിയാഅ് ആണ്. അവിടുത്തെ നിയോഗത്തിന് ശേഷം അല്ലാഹു ഇനി എല്ലാവിധത്തിലുള്ള ഉപഹാരങ്ങൾ നേടുന്നതിനുള്ള മാർഗ്ഗവും, അല്ലാഹുവിലേക്ക് എത്തിചേരുന്നതിനുള്ള മാർഗ്ഗവും ഖാത്തമുൽ അൻമ്പിയാഅ് മുഹമ്മദ് മുസ്തഫാ (സ) യിലൂടെ മാത്രമേ ലഭിക്കുകയുള്ളുവെന്ന് വിധിച്ചിരിക്കുന്നു. റസൂൽ തിരുമേനി(സ)യുടെ പരിപൂർണ്ണനായപ്രേമി മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ മഹ്ദിയെ മൗഊദ് (അ) നെ അല്ലാഹു ഇസ്‌ലാമിന്റെ പുനരുജ്ജിവനത്തിനായി ഈ കാലഘട്ടത്തിൽ അയക്കുകയും അദ്ദേഹത്തോട് ഹിദായത്തിന്റെ സന്ദേശ പൂർത്തീകരണത്തിന്റെ വാഗ്ദാനവും ചെയ്തിരിക്കുന്നു. ആ മഹാത്മാവ് ഈ ജീവനുള്ള ദൈവത്തെ കുറിച്ച് തന്റെ ഒരു ലിഖിതത്തിൽ വിവരിക്കുന്നു.

“ ഈ സർവ്വശക്തനും, സത്യസന്ധനും, പരിപൂർണ്ണവുമായ ദൈവത്തെ നമ്മുടെ ആത്മാവും നമ്മുടെ അസ്തിത്വത്തിന്റെ ഓരോ കണികയും സാഷ്ടാംഗം പ്രണമിച്ച് കൊണ്ടിരിക്കുന്നു. ആരുടെ കൈകൾകൊണ്ടാണോ ഓരോ ആത്മാവും സൃഷ്ടികളിലെ ഓരോ കണികയും അവയുടെ മുഴുവൻ കഴിവുകളോടും കൂടി പ്രത്യക്ഷമായത്. ആരുടെ അസ്തിത്വത്താലാണോ മറ്റെല്ലാ അസ്തിത്വങ്ങളും നിലനിർക്കുന്നത്, ഒരു വസ്തുവും തന്നെ അവന്റെ അറിവിൽ നിന്നോ അവന്റെ നിയന്ത്രണത്തിൽ നിന്നോ അവന്റെ സൃഷ്ടിപ്പിൽ നിന്നോ പുറത്തല്ല. ആയിരക്കണക്കിന് സലാമും സ്വലാത്തും കാരുണ്യവും അനുഗ്രഹവും ഈ പരിശുദ്ധനായ നബി (സ) യിൽ വർഷിക്കുമാറാകട്ടെ. ആരിലൂടെയാണോ നമുക്ക് ആ ജീവനുള്ള ദൈവത്തെ ലഭിച്ചത്. അവൻ സ്വയം സംസാരിച്ച്കൊണ്ട് തന്റെ അസ്തിത്വത്തിനുള്ള തെളിവ് നമുക്ക് നൽകുന്നു. അവൻ അസാധാരണമായ അടയാളങ്ങൾ കാണിച്ച്കൊണ്ട് തന്റെ പൗരാണികവും,പരിപൂർണ്ണവുമായ ശക്തിയുടെയും കഴിവിന്റെയും പ്രഭാപൂരിതമായ മുഖം നമുക്ക് കാണിച്ച്തരുന്നു. അങ്ങനെ നമുക്ക് ദൈവത്തെ കാണിച്ചുതന്ന ഒരു പ്രവാചകനെ ലഭിച്ചിരിക്കുന്നു. തന്റെ പരിപൂർണ്ണമായ ശക്തികൊണ്ട് എല്ലാ വസ്തുക്കളെയും സൃഷ്ടിച്ച ദൈവത്തെ ലഭിച്ചിരിക്കുന്നു. അവന്റെ ശക്തി പ്രഭാവത്തിൽ എത്ര വലിയ മഹത്വമാണ് അടങ്ങിയിരിക്കുന്നത്. അതല്ലാതെ അവന്റെ അസ്തിത്വത്തിന്റെ രൂപം മറ്റൊന്നും തന്നെ നിർണ്ണയിച്ചില്ല. അവന്റെ സഹായമില്ലാതെ ഒരു വസ്തുവിനും നിലനിൽക്കാൻ സാധ്യമല്ല. അവൻ! നമ്മുടെ സത്യസന്ധനായ ദൈവം, അളവറ്റ അനുഗ്രഹമുള്ളവനാണ്, അളവറ്റ ശക്തിയുള്ളവനാണ്, അളവറ്റ സൗന്ദര്യവുമുള്ളവനാണ്,കാരുണ്യമുള്ളവനാണ്, അവനെ കൂടാതെ മറ്റൊരു ദൈവവുമില്ല. ഇതാണ് നമ്മുടെ നബികരീം (സ) കാണിച്ച് തന്ന നമ്മുടെ ജീവനുള്ള ദൈവം.”

മസീഹ് മൗഊദ്(അ) നബി കരീം(സ) യുടെ സ്ഥാനത്തെ കുറിച്ച് ഒരു സ്ഥലത്ത് പറയുന്നു: “ നാം നീതിയുടെ ദൃഷ്ടി കൊണ്ട് വീക്ഷിക്കുമ്പോൾ മുഴുവൻ പ്രവാചകത്വ പരമ്പരയിൽ ഏറ്റവും ഉന്നതനായ, ധൈര്യശാലിയായ നബി, ജീവനുള്ള നബി, ദൈവത്തിന്റെ പ്രിയപ്പെട്ട നബി, ഒരാളെ മാത്രമെ അറിയുകയുള്ളു. അഥവാ അദ്ദേഹം! അതായത് നബിമാരുടെ നേതാവ്, പ്രവാചകൻമാരുടെ അഭിമാനം, എല്ലാ പ്രവാചകൻമാരുടെയും കിരീടം. അദ്ദേഹത്തിന്റെ പേര് മുഹമ്മദ് മുസ്തഫാ അഹ്മദ് മുജ്തബാ (സ)എന്നാണ്.ഇതിന്മുമ്പ് ആയിരം വർഷങ്ങൾകൊണ്ട് ലഭിക്കുമായിരുന്ന പ്രകാശം അദ്ദേഹത്തിന്റെ തണലിൽ പത്ത് ദിവസം സഞ്ചരിക്കുന്നത് കൊണ്ട് ലഭിക്കുന്നു. ” പിന്നീട് ആ മഹാത്മാവ് മുഴുവൻ ലോകത്തെയും ഇസ്‌ലാമിലേക്ക് ക്ഷണിച്ച് കൊണ്ട് പറയുന്നു:

“അല്ലയോ ഭൂമിയിൽ വസിക്കുന്ന മുഴുവൻ ജനങ്ങളെ! അല്ലയോ കിഴക്കും പടിഞ്ഞാറും വസിക്കുന്ന മനുഷ്യാത്മാക്കളെ ഞാൻ നിങ്ങളെ മുഴുവൻ ശക്തിയോടുംകൂടി ഈ ഭാഗത്തേക്ക് ക്ഷണിക്കുന്നു. ഇന്ന് ഭൂമിയിൽ യഥാർഥ മതം ഇസ്‌ലാം മാത്രമാണ്. യഥാർഥ ദൈവം വിശുദ്ധ ഖുർആൻ വിവരിച്ച ദൈവം മാത്രമാണ്. എല്ലായ്പ്പോഴും ആത്മീയമായി ജീവിക്കുന്ന പ്രവാചകൻ,

പ്രഭാവത്തിന്റെയും പരിശുദ്ധിയുടെയും സിംഹാസനത്തിൽ ഇരിക്കുന്നവർ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയാണ്. അദ്ദേഹത്തെ പിൻപറ്റുന്നത് മൂലം, അദ്ദേഹത്തോടുള്ള സ്നേഹം നിമിത്തം നാം പരിശുദ്ധാത്മാവിന്റെയും, ദൈവിക അഭിസംബോധനയുടെയും, ആകാശിയ അടയാളങ്ങളുടെയും ബഹുമതികൾ സ്വായത്തമാകുന്നവരായിതീരുന്നു എന്നതാണ് അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തിന്റെയും പരിശുദ്ധ പ്രഭാവത്തിന്റെയും തെളിവായി നമുക്ക് ലഭിച്ചിരിക്കുന്നത്,

ഹ:മസീഹ് മൗഊദ്(അ) ഇസ്ലാമിന്റെ വിജയശ്രീലാളിതനായ ഒരു സേനാധിപതി എന്ന നിലക്ക് ഇസ്‌ലാമിന്റെ എതിരാളികളുടെ വായടപ്പിച്ചു. തെളിവുകൾകൊണ്ട് മാത്രമല്ല അല്ലാഹുവിന്റെ പ്രത്യേക സഹായം കൊണ്ടും അടയാളങ്ങൾ കൊണ്ടും ലോകത്തിന്റെ മുമ്പിൽ അത്തരം കാര്യങ്ങളും പ്രവചനങ്ങളും വെക്കുകയുണ്ടായി. അത് ആലിമുൽ ഗൈയ്ബായ അല്ലാഹുവിനല്ലാതെ മറ്റാർക്കും തന്നെ അറിയാൻ കഴിയുമായിരുന്നില്ല. അല്ലാഹുവിൽ നിന്ന് അറിവ് ലഭിച്ചതനുസരിച്ച് അദ്ദേഹം നടത്തിയ പ്രവചനങ്ങൾ അല്ലാഹുവിന്റെ എത്ര വലിയ സഹായത്തോടും ദൃഷ്ടാന്തങ്ങളോടും കൂടിയാണ് പുലർന്നതെന്ന് പിന്നീട് ലോകം കാണുകയുണ്ടായി. ആ മഹാത്മാവിന് ഇസ്‌ലാമിനെകുറിച്ച് എത്രമാത്രം വേദനയുണ്ടായിരുന്നുവെന്നും ഇസ്‌ലാമിന്റെ എതിരാളികളേയും റസൂൽ തിരുമേനിയുടെ സ്ഥാനം ഇകഴ്ത്തി കാണിക്കുന്നവരേയും ഏതുവിധേനയാണ് അവിടുന്ന് അഭിസംബോധനചെയ്ത് മനസിലാക്കികൊടുത്തിരുന്നതെന്നും പിന്നീട് അല്ലാഹുവിന്റെ സമക്ഷത്തിൽ ഈ എതിരാളികളുടെ വായടപ്പിക്കുന്നതിനായി എത്രമാത്രം വേദനയോടെയാണ് ദുആ ചെയ്തിരുന്നത്. സഹാബാക്കൾ എഴുതിയ അദ്ദേഹത്തിന്റെ ചരിത്രത്തിൽ നിന്ന് ഇതിന്റെയെല്ലാം പ്രകടനം നമുക്ക ലഭിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ നിന്നും വിവിധങ്ങളായ സാഹിത്യങ്ങളിൽ നിന്നും ഇത് വളരെ വ്യക്തമായ നിലയിൽ പ്രകടമാകുന്നതാണ്. അല്ലാഹുവിന്റെ സമക്ഷത്തിൽ എതിരാളികളുടെ വായടപ്പിക്കുന്നതിനും, ദൈവിക സഹായമാകുന്ന അടയാളത്തിനുംവേണ്ടി അദ്ദേഹത്തിന്റെ ഒരു പാട് ദുആകൾ കാണാൻ സാധിക്കുന്നതാണ്. അത് തന്റെ പൊങ്ങച്ചത്തിന് വേണ്ടിയായിരുന്നില്ല. മറിച്ച് ഇസ്‌ലാമിന്റെയും റസൂൽ തിരുമേനിയുടെയും മഹത്വം സ്ഥാപിക്കുന്നതിന് വേണ്ടിയായിരുന്നു. അദ്ദേഹത്തിൽ ഒരു വ്യാകുലതയും ആവേശവും ഉണ്ടായിരുന്നു. അത്മൂലമാണ് അദ്ദേഹം ദുആ ചെയ്ത് കൊണ്ടിരുന്നത്. ഈ അടയാളങ്ങളിൽ ഒരു അടയാളമാണ് അദ്ദേഹത്തിന്റെ ദുആയുടെ ഫലമായി അല്ലാഹു മാർഗ്ഗ നിർദേശം നൽകികൊണ്ട് പറയുകയുണ്ടായി. ഹോഷിയാർപൂരിൽ പോവുകയുംഅവിടെ ധ്യാനനിരതനായി ഇരിക്കുകയും ചെയ്യുക അങ്ങനെ ഈ തപോയജ്ഞത്തിൽ അല്ലാഹു അദ്ദേഹത്തിന് നൽകിയ അടയാളം. അത് ഒരു വാഗ്ദത്ത പുത്രനെക്കുറിച്ചായിരുന്നു. അത് എല്ലാ അഹ്മദികൾക്കും മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം എന്ന പേരിൽ പരിചയമുള്ളതാണ്. ഇത് ഒരു മഹത്തായ പ്രവചനമാണ്. ഒരു നിശ്ചിത കാലയളവിൽ പുത്രന്റെ ജനനം, അവനിൽ പ്രത്യേകതകൾ ഉണ്ടാകൽ, അവന് ദീർഘായുസ്സ് ലഭിക്കുകയെന്നത്. അതിനെക്കുറിച്ചെല്ലാം പ്രവചനത്തിൽ പറഞ്ഞിരിന്നു. ഈ എല്ലാ കാര്യങ്ങളും ഒരു മഹത്തായ പ്രവചനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ പ്രവചനത്തിലെ ഓരോ വാക്കുകളും പുലരുന്നതായി കാണുകയും ഹ:മസീഹ് മൗഊദ് (അ) തന്റെ ഈ വാഗ്ദത്ത പുത്രന്റെ വിവിധപ്രവർത്തനങ്ങളെക്കുറിച്ച് ഈ പ്രവചനത്തിൽ പറഞ്ഞത് മുസ്‌ലിഹ് മൗഊദിന്റെ വ്യക്തിത്വത്തിൽ പൂർത്തിയായി കാണാൻ സാധിക്കുകയും ചെയ്തു. പിന്നീട് വന്നവരെ സംബന്ധിച്ചേടത്തോളം ഈ പ്രവചനം തീർച്ചയായും ഈമാനിക വർദ്ധനവിന് കാരണമാണ്.

എന്നിരുന്നാലും ഇപ്പോൾ ഞാൻ ആ പ്രവചനത്തിലെ വാക്കുകൾ നിങ്ങൾക്ക് മുമ്പിൽ വെക്കാം. പല പ്രാവശ്യം നാം കേൾക്കാറുണ്ട്. ഇനി യോഗം ഉണ്ടാകുമ്പോഴും നിങ്ങൾ കേൾക്കും. മജ്മൂയെ ഇശ്തിഹാറാത്തിലാണ് ഈ വാചകങ്ങൾ ഉള്ളത്. ആ മഹാത്മാവ് എഴുതുന്നു.

സർവ്വശക്തനും മഹോന്നതനും പ്രതാപവാനും എല്ലാ കാര്യത്തിനും കഴിവുമുള്ളവനുമായ അല്ലാഹു എന്നെ ഇൽഹാമിലൂടെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു. ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർത്ഥനകൾക്കു സ്വീകാര്യം നല്കുകയും നിന്റെ യാത്ര ലുധിയാന ഹോശിയാർപൂർ യാത്ര നിനക്കു അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടെയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റെയും അനുഗ്രഹ വായ്പിന്റെയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാവുകയാണ്. അല്ലയോ ജയശാലീ. നിനക്കു സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്കു മരണത്തിന്റെ പിടിയിൽ നിന്നു രക്ഷ ലഭിക്കാനും കബറുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്ത് വരുമാറാകാനും ഇസ്‌ലാം മതത്തിന്റെ മേൻമയും ദൈവവചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും ഞാൻ സർവ്വശക്തനും ഇച്ഛിക്കുന്നതു ചെയ്യുന്നവനുമാണെന്ന് അവർക്ക് ദൃഢബോധ്യം വരുന്നതിനും. ദൈവത്തിന്റെ അസ്തിത്വത്തിൽ അവിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തെയും ഗ്രന്ഥത്തെയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗ്ഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയെത്രേ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ, നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നൽകപ്പെടും. ഒരു പാവനപുത്രൻ നിനക്കു ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേർ ഇമ്മാനുവേൽ എന്നും ബശീർ എന്നും ആണ്. അവനു പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ (**നൂറുല്ലാഹ്**) ആയിരിക്കും. ആകാശത്തിൽ നിന്ന് വരുന്നവൻ അനുഗ്രഹീതൻ.

അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്ത് വന്നു തന്റെ മസീഹീ ഗുണവും **റൂഹുൽ ഹക്ക്**

(സത്യത്തിന്റെ ആത്മാവ്)ന്റെ അനുഗ്രഹവും മുഖേന അനേക രുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ **കലിമത്തുല്ലാഹ്** (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും അവനെ മഹത്വത്തിന്റെ വചന ത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ അർത്ഥം മനസ്സിലായിട്ടില്ല) തിങ്കളാഴ്ച അനുഗ്രഹപൂർണ്ണമായ തിങ്കളാഴ്ച. വാൽസല്യപുത്രൻ മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിത നായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നത്യത്തിന്റെയും നിലയനവും ആയുള്ളവൻ. അല്ലാഹു ആകാശത്തിൽ നിന്നു ഇറങ്ങിയപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളി പ്പെടുത്തുന്നതിന്നു കാരണവും ആയിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളം കൊണ്ടു പരിലിപ്ത നാക്കിയിരിക്കുന്നുവോ ആ പ്രഭാവശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിന്നു കാരണമാകയും ചെയ്യും. ജാതികൾ അവങ്കൽ നിന്നു അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിക്കുള്ള ആത്മസ്ഥാന ത്തേക്കു കരേറ്റപ്പെടും. ഇതു വിധിച്ചുപോയ കാര്യമാകുന്നു. മജ്മൂയെ ഇശ്തിഹാറാത്തിന്റെ ഒന്നാം വാല്യത്തിൽ ഇതെല്ലാം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ പറഞ്ഞത്പോലെ ഈ പ്രവചനത്തിന്റെ പൂർത്തീകരണം തീർച്ചയായും ഖലീഫത്തുൽ മസീഹ് സാനിയായിരുന്നു. അല്ലാഹു അദ്ദേഹത്തിന് താങ്കൾ തന്നെയാണ് മുസ്ലിഹ് മൗഊദ് എന്ന് അറിയിച്ച് കൊടുത്തപ്പോൾ 1944 ൽ അദ്ദേഹം സ്വയം തന്നെ ആ കാര്യം പ്രഖ്യാപിക്കുകയും ചെയ്തു. ഞാൻ പറഞ്ഞത്പോലെ ഈ പ്രവചനം പൂർത്തി യായതിന്റെ സന്തോഷത്തിലാണ് മുസ്ലിഹ് മൗഊദ് ദിനയോഗം നടത്തുന്നത്. ഒരു മഹത്തായ പ്രവചനമായിരുന്നു വലിയ പ്രതാപത്തോടെ അത് പുലർന്നുവെന്ന് ജമാഅത്തിലെ ഓരോ വ്യക്തിയും അറിയുന്നതിനുവേണ്ടി ഏതാനും ദിവസങ്ങളിൽ ഈ യോഗം വിവിധ ജമാഅത്തുകളിൽ നടത്തപ്പെടും. ഇവിടെ സാന്ദർഭികമായി ഭൗതിക സാഹചര്യത്തിന്റെ സ്വാധീനത്തിൽ പെട്ട ആളുകൾക്ക് വേണ്ടി പറയുന്നു. ഇതിന് മുമ്പും ഞാൻ ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വീണ്ടും ചോദ്യങ്ങൾ ചോദിച്ച് കൊണ്ടിരിക്കൊണ്ടിരിക്കും ഇവർ ജന്മദിനം ആഘോഷിക്കുന്ന തിനെക്കുറിച്ചാണ് ചോദിക്കാറുള്ളത്. അത്തരക്കാരുടെ ദീനീ ജ്ഞാനവും പൂർണ്ണമല്ല. ഞാൻ പറഞ്ഞത്പോലെ ഭൗതികതയുടെ സ്വാധീനത്തിലും ആണ്. അവർ പറയുന്നു. നാം മുസ്ലിഹ് മൗഊദിന്റെ ദിവസം ആചരിക്കുന്നുണ്ടെങ്കിൽ മറ്റു ഖലീഫമാ രുടേത് എന്ത്കൊണ്ട് ആഘോഷിക്കുന്നില്ല അതുപോലെ തന്നെ ജന്മദിനം എന്ത്കൊണ്ട് ആഘോഷിക്കുന്നില്ല. അതായത് മറ്റു ഖലീഫമാരുടെ ജന്മദിനത്തിന്റെ മറപിടിച്ചുകൊണ്ട് തങ്ങളുടെ ജന്മദിനം ആഘോഷിക്കുന്നതിലേക്കാണ് ഇവർ പോകുന്നത്. ഇവിടെ ഈ കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ ജന്മദിനം ആഘോഷി ക്കാറില്ല. ഖലീഫത്തുൽ മസീഹ് സാനിയുടെ ജനനം 1889 ജനുവ രി 12 നാണ്. ഈ അതിമഹത്തായ പ്രവചനം അദ്ദേഹത്തിന്റെ ജനനത്തിന് മൂന്ന് വർഷം മുമ്പുള്ളതാണ്. ആ പ്രവചനത്തിന്റെ ദിവസമാണ് ആഘോഷിക്കുന്നത്. 1886 ഫെബ്രുവരി 20 നാണ് ഇത് നടത്തിയത്. ഇസ്ലാമിന്റെ പുനരുജ്ജീവനത്തെ ക്കുറിച്ചുള്ളതായിരുന്നു ഈ പ്രവചനം. അതുകൊണ്ട് തന്നെ ഈ പ്രവചനത്തിന് ഒരു അടിസ്ഥാനശിലയുടെ സ്ഥാനാണുള്ളത്.

ഈ വിശദീകരണത്തിന് ശേഷം ഞാൻ ഈ പ്രവചനത്തിലെ രണ്ട് കാര്യങ്ങൾ മാത്രം എടുക്കുന്നതായിരിക്കും. ഈ പ്രവചനത്തിന് ഒരുപാട് വശങ്ങളുണ്ട്. അതല്ലാം വിവരിക്കാറുണ്ട്. എന്നാൽ ഈ സമയത്ത് ഞാൻ രണ്ട് കാര്യങ്ങൾ വിവരി ക്കുന്നതായിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആരെയാണ് മുസ്ലിഹ് മൗഊദ് ആയി നിശ്ചയിച്ചത്. അതുപോലെ ഇസ്ലാ മിനെക്കുറിച്ചും റസൂൽ തിരുമേനി (സ) യെക്കുറിച്ചും മുസ്ലിം ഉമ്മത്തിനെക്കുറിച്ചും സ്വയം മുസ്ലിഹ് മൗഊദിന്റെ അവസ്ഥ, അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ അവസ്ഥ എന്തായിരുന്നു എന്നതിനെ കുറിച്ചും. ഈ പ്രവചനത്തിലെ മറ്റു വാചകങ്ങൾ ഓരോന്നായി എടുത്ത് സംസാരിക്കാൻ സമയമില്ല. ഏകദേശം 52 പോയിന്റുകൾ ഉണ്ടാകും. എന്നിരുന്നാലും ഞാൻ പറഞ്ഞത് പോലെ ഈ രണ്ട് കാര്യങ്ങൾ വിവരിക്കുന്നതായിരിക്കും. ഹ: മസീഹ് മൗഊദ് (അ) സ്വയം ഹ:മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) നെ മുസ്ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചന ത്തിന്റെ പൂർത്തീകരണമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. അവിടുന്ന് അങ്ങിനെയാണ് മനസ്സിലാക്കിയിരുന്നത്. അദ്ദേഹം റൂഹാനി ഖസായിന്റെ 15 വാല്യത്തിലുള്ള തന്റെ ഗ്രന്ഥമായ തരിയാഖുൽ ഖുലൂബിന്റെ 219 മത്തെ പേജിൽപറയുന്നു.

“ എന്റെ മൂത്ത പുത്രനായ മഹ്മൂദിന്റെ ജനനത്തെക്കുറിച്ച് 1888 ജൂലൈ 10 ലെ വിളംബരത്തിൽ. അതുപോലെതന്നെ 1888 ഡിസംബർ 1 ന് പച്ച നിറത്തിലുള്ള കടലാസിൽ അച്ചടിച്ച വിളംബരത്തിൽ പ്രവചനം നടത്തുകയുണ്ടായി. പച്ച നിറത്തി ലുള്ള വിളംബരത്തിൽ ഇതുകൂടി എഴുതിയിരുന്നു. ഈ ജനിക്കാൻ പോകുന്ന പുത്രനെ മഹ്മൂദ് എന്ന് നാമകരണം ചെയ്യുന്നതായിരിക്കും. ഈ വിളംബരം മഹ്മൂദ് ജനിക്കുന്നതിന് മുമ്പ് തന്നെ ലക്ഷക്കണക്കിന് ജനങ്ങളിൽ വിതരണം ചെയ്തി രുന്നു. അതുകൊണ്ട് തന്നെ നമ്മുടെ എതിരാളികളുടെ വീടുക ളിൽ നൂറ്ക്കണക്കിന് ഈ പച്ചനിറത്തിലുള്ള വിളംബരം ഇപ്പോഴും ഉണ്ടായിരിക്കും. അതുപോലെതന്നെ 1888 ജൂലൈ 10-ാം തീയ്യതിയിലെ വിളംബരം എല്ലാവരുടെയും വീട്ടിൽ ഉണ്ടായി രിക്കും.പിന്നീട് ഈ പ്രവചനത്തിന്റെ പ്രസിദ്ധി വിളംബരങ്ങ ളിലൂടെ പൂർണ്ണമായ നിലയിൽ എത്തിച്ചേരുകയും. മുസ്ലിം കളിലും ഹിന്ദുക്കളിലും ക്രിസ്ത്യാനികളിലും ഒരു വിഭാഗവും തന്നെ ഇതിനെക്കുറിച്ച് അറിയാത്തവരായി ബാക്കിയാകാ തിരിക്കുകയും ചെയ്തപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താലും കാരുണ്യത്താലും ജനുവരി 12, 1889 ന് 1306 ഹിജ്റി ജമാദിൽ അവ്വൽ 9 ന് വ്യാഴായ്ച്ച ദിവസം മഹ്മൂദ് ജനിച്ചു. ആ വിളംബ രത്തിൽ ഞാൻ അവന്റെ ജനനത്തെക്കുറിച്ച് അറിയിച്ചിരുന്നു. അതിന്റെ ശീർഷകം തക്മിലെ തബ്ലീഗ് എന്ന് വലിയ അക്ഷരത്തിൽ എഴുതിയിരുന്നു. അതിൽ ബൈഅത്തിന്റെ പത്ത് നിബന്ധനകളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ നാലാമത്തെ പേജിൽ വാഗ്ദത്ത പുത്രനെക്കുറിച്ചുള്ള ഈ ഇൽഹാം രേഖപ്പെടുത്തിയിരുന്നു. ഇത് ഫാർസിയിലാണ്.

*ഏ ഫഖ്റെ റുസുൽ ഖുർബ് തൂ മാലുംശുദ്,*
*ബെ റാംദാ ബേ രാഹ് ദോ രാംദാ*

അല്ലയോ പ്രവാചകൻമാരുടെ അഭിമാനമേ, അല്ലാഹുവിന്റെ പക്കലുള്ള നിന്റെ സാമിപ്യത്തിന്റെ സ്ഥാനം എനിക്ക് അറിയാൻ കഴിഞ്ഞിരിക്കുന്നു. നീ വൈകി വന്നവനാണ്. വിദൂര വഴിയിലൂടെ വന്നവനാണ്.

റൂഹാനി ഖസായിന്റെ 12-ാം വാല്യത്തിലുള്ള തന്റെ സിറാജെ മുനീർ എന്ന ഗ്രന്ഥത്തിന്റെ36-ാമത്തെ പേജിൽ എഴുതുന്നു. "അഞ്ചാമത്തെ പ്രവചനം ഞാൻ എന്റെ മകൻ മഹ്മൂദിന്റെ ജനനത്തെക്കുറിച്ചാണ് ചെയ്തിരുന്നത്. അവൻ അടുത്ത് ജനിക്കുന്നതായിരിക്കും. അവന് മഹ്മൂദ് എന്ന് നാമകരണം ചെയ്യും. ഈ പ്രവചനത്തിന്റെ പ്രസിദ്ധീകരണത്തിനായി പച്ച നിറത്തിലുള്ള കടലാസ് പ്രസിദ്ധീകരിച്ചിരുന്നു. അത് ഇപ്പോഴുമുണ്ട്. ആയിരക്കണക്കിന് ജനങ്ങളിൽ വിതരണം ചെയ്തിരുന്നു. അങ്ങനെ ആ പുത്രൻ പ്രവചനത്തിന്റെ കാലപരിധിയിൽ ജനിച്ചു. ഇപ്പോൾ അവന് 9 വയസ്സാണ്."

പിന്നീട് റൂഹാനി ഖസായിനിലെ 22-ാം വാല്യത്തിലുള്ള തന്റെ ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിലെ 373-ാ മത്തെ പേജിൽ പറയുന്നു: " അതുപോലെ തന്നെ എന്റെ മകൻ വഫാത്തായപ്പോൾ (അതായത് അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന പുത്രൻ വഫാത്തായപ്പോൾ) വിഢ്ഢികളായ മൗലവിമാരും അവരുടെ സുഹൃത്തുക്കളും ക്രിസ്ത്യാനികളും ഹിന്ദുക്കളും അവന്റെ മരണത്തിൽ ഒരുപാട് സന്തോഷം പ്രകടിപ്പിച്ചു. തുടർച്ചയായി അവരോട് പറഞ്ഞ്കൊണ്ടിരുന്നു. 1886 ഫെബ്രുവരി 20 ൽ ഈ പ്രവചനം കൂടിയുണ്ട്. ചില പുത്രന്മാർ വഫാത്താകുന്നതായിരിക്കും. അതുകൊണ്ട് തന്നെ ഏതെങ്കിലും ഒരു കുട്ടി കുട്ടിക്കാലത്ത് വഫാത്താകേണ്ടതും നിർബന്ധമായിരുന്നു. എന്നിട്ടും അവർ ആരോപണം ഉണ്ടാക്കുന്നതിൽ നിന്നും വിട്ടുനിന്നില്ല. അപ്പോൾ അല്ലാഹു മറ്റൊരു പുത്രനെക്കുറിച്ച് എനിക്ക് സന്തോഷവാർത്ത നൽകി. അങ്ങനെ എന്റെ ഹരിത വിളംബരത്തിന്റെ 7-ാം പേജിൽ ഈ മകന്റെ ജനനത്തെക്കുറിച്ച് ഇപ്രകാരം സന്തോഷവാർത്തയുണ്ട്. രണ്ടാം ബശീർ നൽകുന്നതായിരിക്കും. അവന്റെ രണ്ടാമത്തെ പേര് മഹ്മൂദ് എന്നാണ്. എന്തായിരുന്നാലും അവൻ ഇതുവരെ അതായത് 1888 സെപ്റ്റംബർ 1 വരെ ജനിച്ചിട്ടില്ല. എന്നാൽ അല്ലാഹുവിന്റെ വാഗ്ദാനമനസരിച്ച് നിശ്ചിത കാലയളവിൽ തീർച്ചയായും ജനിക്കും. ആകാശഭൂമികൾ മാറിപോകാം എന്നാൽ അവന്റെ വാഗ്ദാനം മാറിപ്പോവുക എന്നത് അസാധ്യമാണ്. (ഇതാണ് ഹരിതവിളംബരത്തിലെ 7-ാം പേജിലെ ഉദ്ധരണി. ഇത് ഹഖീഖത്തുൽ വഹ്‌യിൽ ഉദ്ധരിക്കുകയാണ്.) പറയുന്നു: "ഇതനുസരിച്ച് 1889 ജനുവരിയിൽ പുത്രൻ ജനിച്ചു. അവന്റെ പേര് മഹ്മൂദ് എന്ന് വെച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതുവരെ ജീവനോടെയുണ്ട് 17-ാംമത്തെ വയസ്സാണ്.

പിന്നീട് റൂഹാനി ഖസായിന്റെ 15-ാം വാല്യത്തിലെ തരിയാഖുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിന്റെ 214 ൽ പറയുന്നു: " എന്റെ മൂത്ത പുത്രൻ ജീവനോടെയുണ്ട് അവന്റെ പേര് മഹ്മൂദ് എന്നാണ്. ഇപ്പോൾ അവൻ ജനിച്ചിരുന്നില്ല. എനിക്ക് കശ്ഫിലൂടെ അവന്റെ ജനനത്തെക്കുറിച്ച് അറിപ്പ് ലഭിച്ചു. ഞാൻ മസ്ജിദിന്റെ ചുമരിൽ അവന്റെ പേര് മഹ്മൂദ് എന്ന് എഴുതിയതായി കണ്ടു. അപ്പോൾ ഞാൻ ഈ വിളംബരം പ്രസിദ്ധപ്പെടുത്തുന്നതിനായി പച്ച നിറത്തിലുള്ള ഒരു വിളംബരം അച്ചടിച്ചു. അതിന്റെ പ്രസിദ്ധീകരണ തീയ്യതി 1888 ഡിസംബർ 1 ആണ്. ഈ വിളംബരം 1888 ഡിസംബർ 1 ന് ആയിരക്കണക്കിന് ആളുകളിൽ വിതരണം ചെയ്തു അതിലെ ഒരുപാട് വിളംബരങ്ങൾ ഇപ്പോഴും എന്റ പക്കലുണ്ട്. "

പിന്നീട് സമീമ അഞ്ചാമെ ആഥമിൽ ഇത് റൂഹാനി ഖസായിന്റെ 11ാം വാല്യം അതിന്റെ 289 -ാംമത്തെ പേജിൽ അവിടുന്ന് പറയുന്നു: " പിന്നീട് മറ്റൊരു അടയാളം എന്റെ ഇപ്പോഴുള്ള മൂന്ന് പുത്രന്മാർ, ഓരോരുത്തരുടേയും ജനനത്തിന് മുമ്പ് അവരുടെ വരവിനെക്കുറിച്ച് അറിയിച്ചിരുന്നു. അങ്ങനെ മഹ്മൂദ് എന്ന മൂത്ത പുത്രന്റെ ജനനത്തെക്കുറിച്ച് ആദ്യം വഫാത്തായ മകനെക്കുറിച്ചുള്ള വിളംബരത്തോടൊപ്പം ഹരിതവിളംബരത്തിൽ പ്രവചനവുമുണ്ട്. അത് ഗ്രന്ഥരൂപത്തിൽ ഒരുപാട് പുറങ്ങളുള്ള പച്ച നിറത്തിലുള്ള വിളംബരമാണ്.

ഹ:മസീഹ് മൗഊദ് (അ) ലോകത്ത് ഒരു വിപ്ലവം സംജാതമാക്കിയ തന്റെ മകൻ ഹ:മിർസ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനെ വാഗ്ദത്ത പുത്രന്റെ പൂർത്തീകരണമായിട്ടാണ് മനസ്സിലാക്കിയിരുന്നത്. ഇന്ന് ചിലയാളുകൾ ആരോപണമുന്നയിക്കുന്നതുകൊണ്ടാണ് ഞാൻ ഈ വിശദീകരണം നൽകിയത്. ഹ: ഖലീഫത്തുൽ മസീഹ് സാനി അൽമുസ്‌ലിഹുൽ മൗഊദിന്റെ 52 വർഷത്തെ ഖിലാഫത്ത് കാലഘട്ടം ഈ മഹത്തായ പ്രവചനത്തിന്റെ പൂർത്തീകരണത്തിന്റ വ്യക്തമായ തെളിവാണ്. അദ്ദേഹത്തിന്റെ ലിഖിതങ്ങളും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും ഇസ്‌ലാമിന്റെയും റസൂൽ തിരുമേനിയുടെയും സ്ഥാനം ലോകത്ത് സ്ഥാപിക്കുന്നതിനായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന വേദനകൊണ്ട് നിറഞ്ഞ് തുളുമ്പുന്നവയാണ്. അദ്ദേഹത്തിന്റെ അറിവും ആത്മീയജ്ഞാനവും അല്ലാഹു അദ്ദേഹത്തിൽ ആന്തരികവും ബാഹ്യവുമായ അറിവുകൾ നിറച്ചിരുന്നുവെന്നതിന് പ്രകടമായ തെളിവാണ്. ചുരുക്കത്തിൽ 52 അല്ലെങ്കിൽ മറ്റൊരു വിധത്തിൽ 58 പ്രത്യേകതകൾ വിവരിക്കാറുള്ളത് പരിശോധനവിധേയമാക്കുകയാണെങ്കിൽ പ്രവചനത്തിലുള്ള ഓരോ പ്രത്യേകതകളും നമുക്ക് ഹ: മുസ്‌ലിഹ് മൗഊദ് (റ) ന്റെ ജീവിതത്തിൽ കാണാൻ സാധിക്കും ഞാൻ പറഞ്ഞത്പോലെ ഇതുമായി ബന്ധപ്പെട്ടും ഞാൻ ചില കാര്യങ്ങൾ പറയുന്നതായിരിക്കും. ഞാൻ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലേയും ലിഖിതങ്ങളിലേയും ഏതാനും ഉദ്ധരണികൾ കേൾപ്പിക്കാം. അതിൽ നിന്ന് നമുക്ക് അദ്ദേഹത്തിന്റെ ദൃഢനിശ്ചയവും, അദ്ദേഹത്തിന്റെ ദൃഢനിശ്ചയമുള്ളവൻ എന്ന ഗുണവും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഒരു സ്ഥലത്ത് തന്റെ പ്രസംഗത്തിൽ അദ്ദേഹം പറയുന്നു:

"അല്ലാഹുവിന്റെ പ്രവാചകൻ ആഗതനാകുമ്പോൾ അദ്ദേഹത്തിന്റെ ജമാഅത്തിൽ പ്രവേശിക്കുന്ന ഓരോരുത്തരും ദീനിന്റെ ജോലി ഞാനല്ലാതെ മറ്റാരും തന്നെ ചെയ്യാനില്ല എന്ന് മനസ്സിലാക്കുന്നു. അവർ ഈ കാര്യം മനസ്സിലാക്കുമ്പോൾ ഈ കാര്യത്തിന്റെ പര്യവസാനത്തിനായി അവർ തങ്ങളുടെ മുഴുവൻ കഴിവുകളും വിനിയോഗിക്കുന്നു. എന്നല്ല അവർ ഭ്രാന്തന്മാരായിത്തീരുന്നു എന്ന് പറയേണ്ടിവരും. ഹ:മസീഹ് മൗഊദ് (അ) വഫാത്തായപ്പോൾ ഞാൻ ഈ വിധത്തിലുള്ള ശബ്ദങ്ങൾ കേട്ടു.

അതായത് അദ്ദേഹത്തിന്റെ മരണം അസമയത്താണ് സംഭവിച്ചത്.'' അങ്ങനെ പറയുന്നവർ **നഊദുബില്ലാഹ്** അദ്ദേഹം കള്ളവാദിയാണ് എന്നല്ല പറഞ്ഞിരുന്നത്. കാരണം ഇവർ വിശ്വസിച്ചിരുന്നു. (അഹ്മദികളിൽ നിന്നാണ് ശബ്ദം ഉയർന്നിരുന്നത്) എന്നാൽ ഇതാണ് പറഞ്ഞിരുന്നത്, അദ്ദേഹം അല്ലാഹുവിന്റെ സന്ദേശം വേണ്ടവിധം എത്തിച്ചിരുന്നില്ല അപ്പോഴാണ് മരണം സംഭവിച്ചത്. അതുപോലെതന്നെ അവിടുത്തെ ചിലപ്രവചനങ്ങളും പൂർത്തിയായിട്ടില്ല. പറയുന്നു: '' എന്റെ പ്രായം ആ സമയത്ത് 19 വയസ്സായിരുന്നു. ഞാൻ ഈ വിധത്തിലുള്ള വാക്കുകൾ കേട്ടപ്പോൾ, ഞാൻ അദ്ദേഹത്തിന്റെ മൃതശരീരത്തിന്റെ തലഭാഗത്ത് പോയി നിന്നു. ഞാൻ അല്ലാഹുവിനെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം ദുആ ചെയ്തു. അല്ലയോ അല്ലാഹുവേ. ഇത് നിന്റെ പ്രേമഭാജനമായിരുന്നു. ഇദ്ദേഹം ജീവനോടെ ഇരുന്നിടത്തോളം കാലം നിന്റെ ദീനിന് വേണ്ടി പരിധിയില്ലാത്ത ത്യാഗങ്ങൾ ചെയ്തു ഇപ്പോൾ നീ അദ്ദേഹത്തെ നിന്റെ അടുത്തേക്ക് വിളിച്ചപ്പോൾ ജനങ്ങൾ പറയുന്നു, ഇദ്ദേഹത്തിന്റെ മരണം അസമയത്താണ് സംഭവിച്ചത്. ഒരു പക്ഷെ ഇങ്ങനെ പറയുന്നവരും അവരുടെ മറ്റു കൂട്ടാളികളും അവരുടെ ഈ വാക്കുകൾ കൊണ്ട് വഴിതെറ്റാൻ സാധ്യതയുണ്ട്. ജമാഅത്തിന്റെ ഒരുമ തകർന്ന് പോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് അല്ലയോ അല്ലാഹുവേ ഞാൻ നിന്നോട് പ്രതിജ്ഞ ചെയ്യുന്നു. അഥവാ മുഴുവൻ ജമാഅത്തും നിന്റെ ദീനിൽ നിന്ന് വ്യതിചലിച്ചാലും ഞാൻ ഇതിനുവേണ്ടി എന്റെ ജീവൻ സമർപ്പിക്കും. ആ സമയത്ത് ഞാൻ മനസ്സിലാക്കി ഈ ജോലി ഞാൻ തന്നെ ചെയ്യണം. ഈ ഒരു കാര്യം 19-ാമത്തെ വയസ്സിൽ എന്റെ ഹൃദയത്തിനകത്ത് ഒരു അഗ്നി നിറക്കുകയുണ്ടായി. ഞാൻ എന്റെ മുഴുവൻ ആയുസ്സും ദീനീ സേവനത്തിന് ചിലവഴിച്ചു. മറ്റെല്ലാ ലക്ഷ്യവും ഉപേക്ഷിച്ച് ഈ ഒരു ലക്ഷ്യം മാത്രം മുന്നിൽ വെച്ചു. അതായത് ഹ: മസീഹ് മൗഊദ് (അ) ഏതൊരു പ്രവർത്തനത്തിന് വേണ്ടിയാണോ ആഗതരായത് അത് ഇനി ഞാൻ തന്നെയാണ് ചെയ്യേണ്ടത് എന്റെ ഹൃദയത്തിൽ ആ സമയത്തുണ്ടായ ദൃഢനിശ്ചയം ഇന്ന് വരേക്കും അത് ഞാൻ എന്റെ അന്തരംഗത്തിൽ അത്രതന്നെ മധുരിമയോടുകൂടി അനുഭവിക്കുന്നു. ആ സമയത്ത് അദ്ദേഹത്തിന്റെ മൃതശരീരത്തിന്റെ തലഭാഗത്ത് നിന്നുകൊണ്ട് ഞാൻ ചെയ്ത ആ പ്രതിജ്ഞ അത് മാർഗദർശിനിയായിക്കൊണ്ട് എന്നെ നയിച്ചുകൊണ്ടിരിക്കുന്നു. എന്റെ ആ പ്രതിജ്ഞ തന്നെയാണ് എന്നെ ഇന്നുവരെയും എന്റെ ഉദ്ദേശ്യത്തിൽ സ്ഥിരചിത്തതയോടെ നിലനിർത്തിയത്. എനിക്കെതിരിൽ എതിർപ്പിന്റെ നൂറുക്കണക്കിന് കൊടുങ്കാറ്റുകൾ വീശി. എന്നാൽ അവ ഏതൊന്നിലാണോ അല്ലാഹു എന്നെ എഴുന്നേൽപ്പിച്ച് നിർത്തിയിരുന്നത്. ആ പർവ്വതവുമായി കൂട്ടിമുട്ട് തങ്ങളുടെ തന്നെ ശിരസ്സ് തകർത്തു കളഞ്ഞു. എതിരാളികളുടെ എല്ലാ പരിശ്രമങ്ങളും, എല്ലാ തന്ത്രങ്ങളും, എല്ലാ കുഴപ്പങ്ങളും അവർ എനിക്കെതിരെ ചെയ്തിരുന്നത് അവരിലേക്ക് തന്നെ വന്നുകൊണ്ടിരുന്നു. അല്ലാഹു തന്റെ പ്രത്യേകമായ അനുഗ്രഹങ്ങൾ കൊണ്ട് എനിക്ക് എല്ലാ അവസരങ്ങളിലും വിജയത്തിന്റെ മുഖം കാണിച്ചുതന്നു. ഏതുവരെയെന്നാൽ ഹ: മസീഹ് മൗഊദ് (അ) ന്റെ വഫാത്തിന്റെ അവസരത്തിൽ അദ്ദേഹത്തിന്റെ മരണം അസമയത്ത് സംഭവിച്ചു എന്ന് പറഞ്ഞവർപോലും അദ്ദേഹത്തിന്റെ മിഷന്റെ വിജയം കണ്ട്കൊണ്ട് വിരൽ കടിക്കുന്നവരായി ത്തീർന്നു. '' അദ്ദേഹത്തിന്റെ ഒരു മജ്ലിസിലെ പ്രസംഗമാണ് ഞാൻ വിവരിച്ചത്. അതിനുശേഷം അതിന്റെ തുടർച്ചയാണ്. അതിനുശേഷം അദ്ദേഹം ജമാഅത്തിനെയും ഉപദേശിച്ചു. ജമാഅത്തിലെ ഓരോ വ്യക്തികളുടെയും ഉത്തരവാദിത്വമാണ്. ദീനിന്റെ ജോലി അവർ തന്നെയാണ് ചെയ്യേണ്ടത് എന്ന ആത്മാവ് അവർ അവരിൽ ജനിപ്പിക്കണം. ഓരോരുത്തരും മനസ്സിലാക്കുക. ഇനി ദീനിന്റെ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം, ഹ: മസീഹ് മൗഊദ് (അ) ന്റെ മിഷനെ മുന്നോട്ട് നയിക്കേണ്ടതിന്റെ ഉത്തരവാദിത്വം എന്റെതാണ്. അത്കൊണ്ട് ഒരു പ്രതിജ്ഞയെടുക്കുക.'' പറയുന്നു:'' ആരാണോ ഈ ഒരു പ്രതിജ്ഞയെടുക്കുന്നത്. അതായത് എല്ലാ അവസ്ഥയിലും ഞാൻ ദീനിന് മുൻഗണന നൽകും. അവർ ഹ: മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചതിനുശേഷം ഏതൊരു ലക്ഷ്യമാണോ കരസ്ഥമാക്കേണ്ടിയിരുന്നത് ആ ലക്ഷ്യം നാം കരസ്ഥമാക്കുന്നവരായിത്തീരും. നമ്മുടെ ലക്ഷ്യം ഇതാണ് അദ്ദേഹത്തിന്റെ മിഷനെ മുന്നോട്ട് നയിക്കുക.'' പിന്നീട് പറയുകയുണ്ടായി: ''അഥവാ നമ്മിൽ ഈ ഒരു ആത്മാവ് ഉണ്ടായിത്തീർന്നാൽ നമ്മുടെ ഒരു ബുദ്ധിമുട്ടും നമുക്ക് ബുദ്ധിമുട്ടായി തോന്നുകയില്ല. മാർഗത്തിലെ എല്ലാ ബുദ്ധിമുട്ടുകളും നമുക്ക് നിസ്സാരമായി തോന്നും.'' പിന്നീട് ഇസ്ലാമിനും റസൂൽ തിരുമേനി (സ) ക്കും വേണ്ടി അദ്ദേഹത്തിനുണ്ടായിരുന്ന ഹൃദയവേദന ഒരു സ്ഥലത്ത് വിവരിച്ചുകൊണ്ട് ഹ:ഖലീഫത്തുൽ മസീഹ് സാനിപറയുന്നു:

''യഥാർഥ കാര്യം ലോകത്ത് ഇസ്ലാമിസ്ഥാന്റെ സംസ്ഥാപനമാണ്. നാം ഒരിക്കൽകൂടി മുഴുവൻ മുസ്ലിമീങ്ങളെയും ഒരു കൈയ്യിൽ ഒരുമിച്ച് കൂട്ടണം. നാം ഒരിക്കൽ കൂടി ഇസ്ലാമിന്റെ പതാക ലോകത്തിലെ മുഴുവൻ രാജ്യങ്ങളിലും പറത്തണം. നാം ഒരിക്കൽ കൂടി മുഹമ്മദ് (സ) യുടെ നാമം ബഹുമാനത്തോടും ആദരവോടുകൂടി ലോകത്തിലെ കോണുകളോളം എത്തിക്കണം. നമുക്ക് പാകിസ്ഥാന്റെ പതാക ഉയരുന്നതിലും സന്തോഷമുണ്ട്. നമുക്ക് ഈജിപ്തിന്റെ പതാക ഉയരുന്നതിലും സന്തോഷമുണ്ട്. നമുക്ക് അറേബ്യയുടെ പതാക ഉയരുന്നതിലും സന്തോഷമുണ്ട്. നമുക്ക് ഇറാന്റെ പതാക ഉയരുന്നതിലും സന്തോഷമുണ്ട്. എന്നാൽ നമുക്ക് യഥാർഥത്തിലുള്ള സന്തോഷം മുഴുവൻ രാജ്യങ്ങളും പരസ്പരം ഒരുമിച്ച് നിന്നുകൊണ്ട് ഇസ്ലാമിസ്ഥാന്റെ അടിത്തറ പാകുമ്പോഴായിരിക്കും ഉണ്ടാവുക. നാം ഇസ്ലാമിനെ അതിന്റെ പൗരാണിക പ്രതാപത്തിൽ വീണ്ടും സ്ഥാപിക്കണം. നാം അല്ലാഹുവിന്റെ ഭരണം ലോകത്ത് സ്ഥാപിക്കണം. നാം മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ ഭരണം ലോകത്ത് സ്ഥാപിക്കണം. നാം നീതിയും ന്യായവും ലോകത്ത് സ്ഥാപിക്കണം. നാം നീതിയിലും ന്യായത്തിലുമതിഷ്ഠിതമായ പാക്കിസ്ഥാനെ ഇസ്ലാമിക യൂണിയന്റെ ആദ്യത്തെ ഏണിപ്പടിയാക്കണം. ഈ ഇസ്ലാമിസ്ഥാൻ തന്നെയായിരിക്കും ലോകത്ത് യഥാർഥത്തിലുള്ള സമാധാനം സ്ഥാപിക്കുക. (പാകിസ്ഥാനെ മുന്നോട്ട് നയിക്കുന്ന പൊതുജനങ്ങളും, നേതാക്കന്മാരും പണ്ഢിതൻമാരും ഈ കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ) പറയുന്നു: '' എല്ലാവർക്കും അവരുടെ അവകാശങ്ങൾ നൽകും. യഥാർഥ സമാധാനം നിലനാട്ടും. റഷ്യയും അമേരിക്കയും പരാജയപ്പെട്ടിടത്ത് മക്കയും മദീനയും മാത്രം ഇൻശാഅ് അല്ലാഹ് വിജയിക്കും. ''

''ഈ കാര്യങ്ങൾ ഈ സമയത്ത് ഒരു ഭ്രാന്തന്റെ ജൽപനങ്ങളായി തോന്നിയേക്കാം. എന്നാൽ ലോകത്ത് അതിമഹത്തായ മാറ്റം വരുത്തുന്ന ഒരുപാട് ആളുകൾ, അവരെ ഭ്രാന്തൻമാർ എന്ന് തന്നെയാണ് വിളിക്കപ്പെട്ടിരുന്നത്.

അതുകൊണ്ട് എന്നെയും ജനങ്ങൾ ഭ്രാന്തനെന്ന് വിളിച്ചാൽ എനിക്ക് അതിൽ ലജ്ജിക്കേണ്ടതായി ഒന്നും തന്നെയില്ല. എന്റെ ഹൃദയത്തിൽ ഒരു അഗ്നിയുണ്ട്. ഒരു ജ്വലനമുണ്ട്. ഒരു ചൂടുണ്ട്. അത് എന്നെ മുഴുവൻ സമയവും അസ്വസ്ഥപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഞാൻ ഇസ്‌ലാമിനെ അതിന്റെ അപമാനത്തിന്റെ സ്ഥാനത്ത് നിന്നും ഉയർത്തി അഭിമാനത്തിന്റെ സ്ഥാനത്ത് എത്തിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഒരിക്കൽ കൂടി മുഹമ്മദ് റസൂൽ (സ) യുടെ നാമം ലോകത്തിന്റെ കോണുകളോളം പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഒരിക്കൽ കൂടി വിശുദ്ധഖുർആന്റെ ഭരണം ലോകത്ത് സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. എനിക്കറിയില്ല ഈ കാര്യം എന്റെ ജീവിതത്തിലായിരിക്കുമോ അതോ എനിക്ക് ശേഷമായിരിക്കുമോ എന്നാൽ എനിക്കറിയാം ഞാൻ ഇസ്‌ലാമിന്റെ അങ്ങേയറ്റം ഉയർന്ന കെട്ടിടത്തിൽ തന്റെ കൈകൊണ്ട് ഒരു ഇഷ്ടിക വെക്കാൻ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ അല്ലാഹു എത്ര ഇഷ്ടികകൾ വെക്കാനാണോ എനിക്ക് തൗഫീഖ് നൽകുന്നത് അത്രത്തോളം ഇഷ്ടികകൾ വെക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഈ മഹോന്നതമായ കെട്ടിടം പൂർത്തിയാക്കാൻ ആഗ്രഹിക്കുന്നു. അതല്ലെങ്കിൽ ആ കെട്ടിടത്തെ എത്രത്തോളം ഉയർത്താനാണോ അല്ലാഹു എനിക്ക് തൗഫീഖ് നൽകുന്നത് അത്രത്തോളം ഉയർത്താൻ ആഗ്രഹിക്കുന്നു. എന്റെ ശരീരത്തിന്റെ ഓരോ കണികയും എന്റെ ആത്മാവിന്റെ എല്ലാ ശക്തിയും ഈ പ്രവർത്തനത്തിൽ ചിലവഴിക്കപ്പെടും. ലോകത്തിലെ വലിയതിൽ വലിയതായ ഒരു ശക്തിപോലും എന്റെ ഈ ഉദ്ദേശത്തിന് തടസ്സമാവുകയില്ല. ഈ ദൃഢ നിശ്ചയക്കാരനായ വാഗ്ദത്ത പുത്രൻ തന്റെ ഹൃദയത്തിന്റെ വ്യാകുലത പൂർണ്ണമായും തുറന്ന് നമ്മുടെ മുന്നിൽ വെക്കുകയുണ്ടായി. ഇന്ന് മുസ്‌ലിഹ് മൗഊദ് ദിനം ആഘോഷിക്കുന്ന നാം നമ്മിൽ ഭൂരിപക്ഷം ഈ വ്യാകുലത നമ്മുടെ ഉള്ളിൽ ജനിപ്പിക്കുമ്പോഴായിരിക്കും നാം യഥാർഥ രീതിയിൽ മുസ്‌ലിഹ് മൗഊദ് ദിനം ആചരിക്കുന്നവരായിത്തീരുക. നമ്മുടെ ലക്ഷ്യം വളരെ ഉന്നതമാണ്, വളരെ ഉയർന്നതാണ്. അതിന്റെ പ്രാപ്തിക്കായി നാം ഉയർന്ന നിശ്ചദാർഢ്യം കാണിക്കേണ്ടതുണ്ട്. നാം ഉന്നതമായ മാറ്റം നമ്മൽ വരുത്തേണ്ടതായുണ്ട്, പരിശുദ്ധമായ മാറ്റം വരുത്തേണ്ടതുണ്ട്. അല്ലാഹുവുമായി ഒരു ബന്ധം സ്ഥാപിച്ചെടുക്കണം. ഇസ്‌ലാമിനോടുള്ള വേദന നമ്മുടെ ഉള്ളിൽ ജനിപ്പിക്കേണ്ടതുണ്ട്. റസൂൽ തിരുമേനി (സ) യോടുള്ള പ്രേമം ഹൃദയത്തിൽ വേദന ജനിപ്പിച്ച് കൊണ്ട് പ്രകടിപ്പിക്കേണ്ടതായി വരും. അല്ലാഹു ഹ:മസീഹ് മൗഊദ്(അ) ന് അളവറ്റ പ്രത്യേകതകളുടെ ഉയമസ്ഥനായ മകനെക്കുറിച്ച് സന്തോഷവാർത്ത നൽകുകയുണ്ടായി. അതിൽ ഈ ഒരു ഗഹനമായ അർഥവും അടങ്ങിയിരുന്നു. നിന്റെ ഈ പരമ്പര നിന്നിൽ മാത്രം പരിമിതമായിരിക്കുകയില്ല. ഏതൊരു മിഷനോടുകൂടിയാണോ നീ എഴുന്നേറ്റത് അത് നിന്റെ ജിവിതത്തിൽ മാത്രം പരിമിതമായിരിക്കുകയില്ല. നിന്റെ ഒരു മകൻ അവൻ ദൃഢനിശ്ചയത്തിൽ അവന്റെ ഉദാഹരണം അവൻ മാത്രമായിരിക്കും. അവൻ ഇസ്‌ലാമിനെ ലോകത്ത് വ്യാപിപ്പിക്കുന്നതിനുള്ള വ്യാകുലതയിൽ നിന്റെ പ്രതിരൂപമായിരിക്കും. അവൻ മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ പതാക ലോകത്ത് നാട്ടുന്നതിനായി അസ്വസ്ഥതയോട്കൂടിയ ഒരു ഹൃദയമുള്ളവനായിരിക്കും. പിന്നീട് അത് ആ മകനിൽ മാത്രം ഒതുങ്ങി നിൽക്കുകയില്ല. മറിച്ച് ശേഷവും ഈ മിഷനെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനായി ഹ: മസീഹ് മൗഊദ് (അ) നോട് ഖുദ്റത്തെ സാനിയ ഖിയാമത്ത് നാൾവരെ തുടർച്ചയായി നിലനിൽക്കുന്നതിനെക്കുറിച്ചുള്ള വാഗ്ദാനവും നൽകി. അത് ഈ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോയിക്കൊണ്ടിരിക്കും.

ഖുദ്റത്തെ സാനിയക്ക് റസൂൽ തിരുമേനി (സ) യുടെ സത്യസന്ധനായ ദാസന്റെ മിഷനെ മുന്നോട്ട് നയിക്കുന്നതിനായി അത്തരത്തിലുള്ള ശക്തരായ സഹായികളെയും ലഭിച്ചുകൊണ്ടിരിക്കും. അവർ ഖിലാഫത്തിന്റെ രൂപത്തിൽ തുടരുന്ന ഖുദ്റത്തെ സാനിയയുടെ സഹായികളായിരിക്കും. ഇന്ന് നമുക്ക് മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള പ്രവചനം ഹ: മസീഹ് മൗഊദ് (അ) ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവായി കാണാൻ സാധിക്കുമ്പോൾ ഈ കാര്യത്തിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിക്കപ്പെടുന്നു. ഹ:മസീഹ് മൗഊദ് (അ) ന് ഏതൊരു പ്രത്യേകളുടെ ഉടമസ്ഥനായ പുത്രനെക്കുറിച്ചാണോ അല്ലാഹു അറിവ് നൽകിയത് ആ പുരത്രൻ എത്രമാത്രം വേദനയോടും ദൃഢനിശ്ചയത്തോടും കൂടിയാണോ ജമാഅത്തിന് മുന്നോട്ട് ഗമിക്കാനുള്ള മാർഗ്ഗങ്ങൾ കാണിച്ചുതന്നത്. ഒരു മനോഹരമായ വ്യവസ്ഥതി നൽകിയത്. ജമാഅത്തിന്റെ തർബ്ബിയ്യത്തിന്റെ വ്യവസ്ഥിതിക്കൊപ്പം ലോകത്തിന്റെ കോണുകളോളം ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങൾ എത്തിക്കുന്നതിനായി സുദൃഢമായ ഒരു വ്യവസ്ഥിതി സ്ഥാപിക്കുകയുണ്ടായി. അതിന്റെ ഫലം ഓരോ ദിവസവും പുതിയ പ്രഭാവത്തോടെ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ഈ വ്യവസ്ഥിതിയെ കൂടുതൽ സുദൃഢമാക്കുന്നതിനായി ഓരോ അഹ്മദിയും തങ്ങളുടെ ഭാഗതേയത്വം വഹിക്കുന്നവരായിത്തീരേണ്ടതാണ്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അറേബ്യൻ രാജ്യങ്ങളിലും ഈ വ്യവസ്ഥിതി നിലനിൽക്കുന്നുണ്ട്. ഏഷ്യയിലെ മറ്റു രാജ്യങ്ങളിലും ഈ വ്യവസ്ഥിതി സ്ഥാപിതമാണ്. ആഫ്രിക്കയിലും ഈ വ്യവസ്ഥിതി സ്ഥാപിതമാണ്. യൂറോപ്പിലും ഈ വ്യവസ്ഥിതിസ്ഥാപിതമാണ്. അമേരിക്കയിലും ഈ വ്യവസ്ഥിതി സ്ഥാപിതമാണ്. ആസ്ട്രേലിയായിലും ഈ വ്യവസ്ഥിതി സ്ഥാപിതമാണ്. ദ്വീപുകളിലും ഈ വ്യവസ്ഥിതി സ്ഥാപിതമാണ്. എവിടെയെല്ലാം അഹ്മദികൾ ഒരു ജമാഅത്ത് സ്ഥാപിച്ചുകൊണ്ട് ഈ വ്യവസ്ഥിതിയുടെ ഭാഗമായിട്ടുണ്ടോ അവിടെയെല്ലാം ഈ കാര്യത്തിലേക്കും ശ്രദ്ധിക്കുക. നാം കേവലം നമ്മുടെ പരിഷ്ക്കരണത്തിൽ മാത്രം പരിമിതപ്പെട്ടുപോകരുത്. മറിച്ച് നമ്മുടെ വരുന്ന തലമുറയേയും സംരക്ഷിക്കണം അവരുടെ ഹൃദയത്തിലും ഈ കാര്യം രൂഢമൂലമാക്കണം. നിങ്ങൾ ഈ വ്യവസ്ഥിതിയുടെ ഭാഗമായിക്കൊണ്ട് തങ്ങളുടെ മഹത്തായ ലക്ഷ്യം അതായത് റസൂൽ തിരുമേനി (സ) യുടെ പതാക ലോകത്ത് പറത്തിക്കൊണ്ട് തൗഹീദിന്റെ സംസ്ഥാപനം അത് ഒരിക്കലും തന്നെ വിസ്മരിച്ച് പോകരുത്. അതിനായി എല്ലാ ത്യാഗങ്ങൾക്കും തയ്യാറായിരിക്കണം. ഈ ലക്ഷ്യം കരസ്ഥമാവുന്നത്വരെ സ്വസ്ഥതയോടെ ഇരിക്കാൻ പാടുള്ളതല്ല.

വരും തലമുറയിൽ ഈ മഹത്തായ ലക്ഷ്യം ഒരിക്കലും മറന്ന് പോകരുത് എന്ന ആത്മാവ് ഉണ്ടാക്കിയെടുക്കേണ്ടതാണ്. അതായത് ഞാൻ പറഞ്ഞത്പോലെ ഇന്ന് ലോകത്തിന്റെ എല്ലാ കോണുകളിലും അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാണ്.

ഖാദിയാനിൽ നിന്ന് ഉയർന്ന ശബ്ദം ലോകത്തിന്റെ
കോണുകളോളം വ്യാപിച്ചിരിക്കുന്നു. ഇതിനെ ലോകത്തിന്റെ
കോണുകൾ വരെ പ്രചരിപ്പിക്കുന്നതിൽ സൗകര്യപ്രദമല്ലാത്ത
അവസ്ഥകൾ ഉണ്ടായിരുന്നിട്ടുകൂടി ഒരു വലിയ കൈ
അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹ:മുസ്‌ലിഹ് മൗഊദ് (റ)
ന്റെതാണ്. മുസ്‌ലിഹ് മൗഊദ് (റ) നെക്കുറിച്ചുള്ള പ്രവച
നത്തിന്റെ പൂർത്തീകരണത്തിൽ യോഗങ്ങൾ നടത്തുമ്പോൾ
തങ്ങളുടെ ലക്ഷ്യത്തിൽ തങ്ങളുടെ പ്രോഗ്രാമുകളിൽ
അദ്ദേഹത്തിന്റെ ആവേശത്തെ പുനരുജ്ജീവിപ്പിക്കുന്ന
തരത്തിലുള്ള ഒരു ആത്മാവ് ഉണ്ടാക്കിയെടുക്കുക. ഞാൻ
പറഞ്ഞത് പോലെ ഹ:മുസ്‌ലിഹ് മൗഊദ് (റ) വിവരിച്ചിരിക്കുന്ന
ആ ആഗ്രഹങ്ങളും നിങ്ങളുടെ മുമ്പിൽ വെക്കുക. ഓരോ മുസ്‌ലിം
രാജ്യത്തും താമസിക്കുന്ന അഹ്‌മദികൾ ഈ കാര്യത്തിന്
വേണ്ടിയും പരിശ്രമിക്കുക. നാം ഇസ്‌ലാമിസ്ഥാൻ സ്ഥാപിക്കണം.
നമ്മുടെ യജമാനരായ ഹ: മുഹമ്മദ് മുസ്തഫ (സ) റഹ്മത്തുൽ
ആലമീൻ, അവിടുന്ന് സ്ഥാപിക്കാൻ ആഗ്രഹിച്ച ഇസ്‌ലാമിസ്ഥാൻ
സ്ഥാപിക്കണം. ലോകത്തിന് റസൂൽ തിരുമേനി (സ)
മനുഷ്യത്വത്തോട് കാരുണ്യം ചെയ്തവരായിരുന്നു എന്ന്
അറിയുന്നതിന് വേണ്ടി തങ്ങളുടെയും അന്യരുടെയും
അവകാശങ്ങൾ നൽകിക്കൊണ്ട് മനുഷ്യത്വത്തിന്റെ മഹത്ത്വം
നിലനാട്ടുന്ന ഇസ്‌ലാമിസ്ഥാൻ സ്ഥാപിക്കുന്നവരായിത്തീരണം.
ഈ ഒരു വലിയ പ്രവർത്തനമാണ് നമുക്ക് ലോകത്തിന് മുമ്പിൽ
ചെയ്യാനുള്ളത്. എല്ലാ മുസ്‌ലിം രാജ്യങ്ങളെയും നമ്മുടെ ലക്ഷ്യം
ഇതുകൂടിയാണെന്ന്ബോധവാന്മാരാക്കണം. ഈ കാര്യങ്ങളുമാ
യിട്ടാണ് റസൂൽ (സ) ആഗതരായത്. ഈ ഒരു മിഷന്റെ പൂർത്തീ
കരണത്തിനായിട്ടാണ് ഹ:മസീഹ് മൗഊദ് (അ) നെ അല്ലാഹു
നിയോഗിച്ചിരിക്കുന്നത്. ഈ പ്രവർത്തനമാണ് ഇന്ന് അഹ്‌മദിയ്യാ
മുസ്‌ലിം ജമാഅത്ത് ചെയ്യുന്നത്. നാം ഓരോ മുസൽമാനെയും
മുസ്‌ലിം രാജ്യത്തെയും ഇതാണ് നമ്മുടെ ലക്ഷ്യമെന്ന്
ബോധ്യപ്പെടുത്തണം. അഥവാ നമ്മോടുള്ള എതിർപ്പ് കാരണം
ഇവർ നമ്മുടെ വാക്കുകൾ ചെവികൊള്ളുന്നില്ല എങ്കിൽ ഇവർ
ഈ കാര്യം മനസ്സിലാക്കുന്നവരായിത്തീരാൻ വേദനയോട്കൂടി
നാം ഇവർക്ക് വേണ്ടി ദുആ ചെയ്യണം. ദുആ ചെയ്യുന്നതിൽ നിന്ന്
നമ്മെ തടയാൻ ആർക്കും സാധ്യമല്ല. പാകിസ്ഥാൻ ആയാലും,
സൗൗദി അറേബ്യ ആയാലും, ഈജിപ്ത് ആയാലും സിറിയ
ആയാലും ഇറാൻ ആയാലും ഇന്തോനേഷ്യയോ മലേഷ്യയോ
ആയാലും ഏത് ഇസ്‌ലാമിക രാജ്യം ആയാലും നിങ്ങൾ
പരസ്പരം ഭിന്നിച്ച് നിന്ന്കൊണ്ട് ഒരിക്കലും നിങ്ങൾക്ക്
ഒരിമിക്കാൻ സാധ്യമല്ല എന്ന കാര്യം അവർക്ക് വ്യക്തമാക്കി
ക്കൊടുക്കണം. എപ്പോഴാണോ നിങ്ങൾ ഒരുമിച്ച് നിന്നുകൊണ്ട്
ഇസ്‌ലാമിന്റെ മഹത്വത്തെക്കുറിച്ച് ചിന്തിക്കുന്നത്. അപ്പോഴാണ്
നിങ്ങളുടെ ഐക്യം ഉണ്ടാകുക. നിങ്ങളുടെ രാജ്യങ്ങളെക്കുറി
ച്ചുള്ള ഭയം അപ്പോഴാണ് അന്യരിലുണ്ടാകുക. ഈ സന്ദേശമാണ്
നാം ഈ ആളുകൾക്ക് നൽകേണ്ടത്. അവർ തങ്ങളുടെ രാജ്യങ്ങ
ളിലും തങ്ങളുടെ അയൽ രാജ്യങ്ങളിലും കക്ഷിത്വത്തിന്
അതീതമായി ചിന്തിക്കണം. ഇന്ന് നാം ഈജിപ്തിനുവേണ്ടിയും
പരിശ്രമിക്കണം. സിറിയക്ക് വേണ്ടിയും പരിശ്രമിക്കണം.
ലിബിയക്ക് വേണ്ടിയും അവിടുത്തെ സഹോദരങ്ങളിൽ ഈ
സന്ദേശം എത്തിക്കണം. അഥവ നിങ്ങൾ നിങ്ങളുടെ
ഗോത്രങ്ങൾക്കും കക്ഷികൾക്കും പ്രാധാന്യം നൽകുകയാ
ണെങ്കിൽ, അതിനുവേണ്ടി അക്രമം ചെയ്യുകയാണെങ്കിൽ സ്വയം
തങ്ങളുടെ കൈകൾകൊണ്ട് തന്നെ തങ്ങളുടെ രാജ്യത്തെ
പൊള്ളയാക്കുന്നവരായിത്തീരും. നിങ്ങളിൽ രാജ്യമെന്ന നിലക്കോ
മുസ്‌ലിം ഉമ്മത്ത് എന്ന നിലക്കോ ഒരിക്കലും ശക്തി
കൈവരുന്നതല്ല. ഈ ബലഹീനത വളർന്ന് കൊണ്ടിരിക്കും.
അന്യർ നിങ്ങളെ അവരുടെ കൈപിടിയിലൊതുക്കും. പിന്നീട്
അടിമത്വത്തിന്റെ ചങ്ങളകളിൽ ബന്ധനസ്ഥരാകാനും
സാധ്യതയുണ്ട്. (അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ, അല്ലാഹു
അങ്ങനെ ആക്കാതിരിക്കട്ടെ) ബുദ്ധി പ്രയോഗിക്കൂയെന്ന
സന്ദേശം അവർക്ക് നൽകണം തങ്ങളുടെ വ്യക്തിപരമായ
ഉദ്ദേശ്യത്തിന്റെ പ്രാപ്തിയെക്കുറിച്ച് മാത്രം ചിന്തിക്കാതിരിക്കു.
കേവലം തങ്ങളുടെ ഗോത്രങ്ങളോടും കക്ഷികളോടും
അനുവദനീയമല്ലാത്ത വിധത്തിൽ പക്ഷപാദിത്വം കാണിക്കാ
തിരിക്കൂ. അങ്ങനെയെങ്കിൽ എല്ലാം നഷ്ടപ്പെട്ടവരായിത്തീരും.
രാജ്യത്തിന്റെ വ്യക്തിത്വം നിലനിർത്തുന്നതിലുപരിയായി
ഇസ്‌ലാമിന്റെ മഹത്വം സ്ഥാപിക്കാൻ പരിശ്രമിക്കുക. അല്ലാഹു
ഈ മഹത്വം സ്ഥാപിക്കുന്നതിനായി ഏതൊരാളെയാണ്
അയച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ വാക്കുകളെക്കുറിച്ചും
ചിന്തിക്കുക. ഈ മഹത്തായ ലക്ഷ്യം കരസ്ഥമാക്കുന്നതിനായി
അവസരോചിതമായി മനസ്സിലാക്കിക്കൊടുത്ത്കൊണ്ട്, ദുആ
ചെയ്ത്കൊണ്ട് ഓരോ രാജ്യത്തും താമസിക്കുന്ന അഹ്‌മദികൾ
തങ്ങളുടെ ഈ ഭാഗധേയത്വം നിർവ്വഹിക്കുന്നവരായിത്തീരണം.
മുസ്‌ലിഹ് മൗഊദിന്റെ ലക്ഷ്യങ്ങൾ യഥാർഥത്തിൽ അത് മസീഹ്
മൗഊദ് (അ) ന്റെ മിഷന്റെ പൂർത്തീകരണമാണ് എന്നല്ല റസൂൽ
തിരുമേനിയുടെ പതാകക്ക് കീഴിൽ ലോകത്തെ കൊണ്ടുവരു
ന്നതിനുള്ള ഒരു മഹത്തായ പദ്ധതിയാണ്. അത് നാം നേടുന്ന
വരായിത്തീരുന്നതിനു വേണ്ടി ഞാൻ കഴിഞ്ഞവർഷവും പറഞ്ഞത്
പോലെ ഓരോ അഹ്‌മദിയും ലോകത്തിന്റെ പരിഷ്ക്കരണത്തി
നായി പരിശ്രമിച്ചുകൊണ്ട് മുസ്‌ലിഹ്ന്റെ ജോലി ചെയ്യുന്ന
വരായിത്തീരണം. ഈ കാലഘട്ടം കുഴപ്പം അധികരിച്ചു
കൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ഇതിൽ വൻശക്തികളുടെ
കണ്ണുകൾ ഇസ്‌ലാമിക രാജ്യത്തിലെ സമ്പത്തിലാണ്
നിലകൊള്ളുന്നത്. അതുകൊണ്ട് വളരെയധികം പരിശ്രമിച്ചു
കൊണ്ട് ഓരോ അഹ്‌മദിയും എല്ലാ മുസ്‌ലിം രാജ്യത്തെയും
മുസ്‌ലിം ഉമ്മത്തിനേയും ദുരാഗ്രഹികളുടെ ദുരാഗ്രഹങ്ങളിൽ
നിന്നും രക്ഷിക്കുന്നതിനായി തങ്ങളുടെ പരിതിയിൽ
നിന്നുകൊണ്ട് പരിശ്രമിക്കേണ്ടതാണ്. അതിനായി ഏറ്റവും
വലിയ കാര്യം ഞാൻ പറഞ്ഞതുപോലെ ദുആ ആണ്. അല്ലാഹു
മുസ്‌ലിം രാജ്യങ്ങളിലെ രാഷ്ട്രീയക്കാർക്കും നേതാക്കന്മാർക്കും
ബുദ്ധി നൽകുമാറാകട്ടെ. അവർ തങ്ങളുടെ വ്യക്തിപരമായ
ലാഭത്തിന് അതീതമായി ചിന്തിക്കുന്നവരായിത്തീരട്ടെ.
പൊതുജനങ്ങൾ അറിവിലും ആത്മീയതയിലും മുൻകടന്നവരായി
മനസ്സിലാക്കുന്ന പണ്ഢിതന്മാരും ബുദ്ധി പ്രയോഗിക്കുന്ന
വരായിത്തീരട്ടെ. തങ്ങളുടെ പ്രയോജനത്തിലുപരിയായി വിശുദ്ധ
ഖുർആന്റെ അധ്യാപനം മനസ്സിലാക്കാൻ ശ്രമിക്കുന്നവരാ
യിത്തീരട്ടെ. തങ്ങളുടെ പ്രയോജനങ്ങൾക്കായി പൊതുജനങ്ങ
ളെയും ഭരണാധികാരികളെയും പരസ്പരം തമ്മിലടിപ്പിക്കുന്നതിന്
പകരമായി ഭയഭക്തിയോടെ പ്രവർത്തിക്കുന്നവരായിത്തീരട്ടെ.
ഞാൻ പറഞ്ഞത്പോലെ ഇതിന് ഏറ്റവും മനോഹരമായ
പരിഹാരം കാലഘട്ടത്തിന്റെ ഇമാമിന്റെ വാക്കുകൾ കേട്ട്കൊണ്ട്
അതനുസരിച്ച് പ്രവർത്തിക്കുകയെന്നതാണ്. പൊതുജനങ്ങ
ളെയും അവരുടെ ആത്മീയദൃഷ്ടി വർദ്ധിപ്പിക്കാൻ ശ്രമിക്കു
ന്നവരാക്കി അല്ലാഹു മാറ്റട്ടെ.

കാലഘട്ടത്തിന്റെ അവസ്ഥ കണ്ടിട്ടുപോലും കണ്ണുകൾ അടച്ചുകൊണ്ട്, ബുദ്ധിക്കും യുക്തി ക്കും എതിരായ കാര്യങ്ങൽ പറയുവർ പണ്ഡിതന്മാരായാലും നേതാക്കന്മാരായാലും അവരെ അന്ധമായി പിൻതുടരാതിരിക്കുക. ഹ: മുസ്ലിഹ് മൗഊദ് (റ) ആഗ്രഹം പ്രകടിപ്പിച്ചതുപോലെ ഒരു മനോഹരമായ ഇസ്‌ലാമിസ്ഥാൻ കാണുന്നവരായി അല്ലാഹു നമ്മെ മാറ്റട്ടെ. ഈ ഒരു പരിഹാരം മാത്രമാണ് ലോകത്തെ കുഴപ്പത്തിൽ നിന്ന് രക്ഷിക്കാനായിട്ടുള്ളത്. അല്ലാഹു ലോകത്തിന്ന് ബുദ്ധി നൽകുമാറാകട്ടെ.

ഇന്ന് വിണ്ടും ഒരു ജനാസ ഉണ്ട് ഹാജർ ജനാസയാണ്. നമസ്കാരങ്ങൾക്ക് ശേഷം ഞാൻ പുറത്ത് പോയി നമസ്ക്കരിക്കും. സഹോദരങ്ങൾ ഇവിടെ പള്ളിയിൽ തന്നെ നിൽക്കുക. ഈ ജനാസ അസിസം ശേഖ് മുസവ്വിർ അഹ്മദ് ഇബ്നു ശേഖ് നസീർ അഹ്മദ് സാഹിബ് ജലിംഗത്തിന്റെതാണ്. ഇദ്ദേഹം 2012 ഫെബ്രുവരി 14 ന് കുറച്ച് കാലം രോഗിയായതിന് ശേഷം 25-ാമത്തെ വയസ്സിൽ വഫാത്തായി.
ഇദ്ദേഹത്തിന് മസ്കുലർ ഡിസ്ട്രോഫി എന്ന രോഗമായിരുന്നു. ഈ രോഗം വയസ്സ് കൂടുന്നതിനനുസരിച്ച് മസിൻസ് ബലഹീനമായിപ്പോകുന്നുതാണ് ഇദ്ദേഹത്തിന് ജലിംഗം ജമാഅത്തിൽ ബലഹീനനായിരുന്നിട്ടുപോലും വിവിധ ഭാരവാഹിത്വം വഹിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. അദ്ദേഹത്തിൽ ഏൽപ്പിച്ച എല്ലാ ജോലിയും പൂർണ്ണമായ ശ്രദ്ധയോടും ഉത്തരവാദിത്വത്തോടും കൂടി പൂർത്തിയാക്കുമായിരുന്നു. വീൽ ചെയറിലായിരുന്നിട്ടു കൂടി വളരെ ചടുലതയോടും ധൈര്യത്തോടും പരിശ്രമത്തോടും കൂടി ജോലി ചെയ്യുമായിരുന്നു. ചന്ദകളിലും മറ്റു പദ്ധതികളിലും ഭാഗവാക്കാകുന്നവരായിരുന്നു. നന്മ നിറഞ്ഞ, ദീനുമായി ബന്ധമുള്ള ഒരു മുഖ്‌ലിസായ മനുഷ്യനായിരുന്നു. വൈകല്യം ഉണ്ടായിട്ടുപോലും ബുദ്ധിമാനും കഴിവുള്ളവനുമായിരുന്നു. പഠനം പൂർത്തിയാക്കി പിന്നീട് ബാങ്കിൽ ജോലി ചെയ്തു. പുരോഗതി നേടി. ഇപ്പോൾ ബാങ്കിൽ അസിസ്റ്റന്റ് വൈസ് പ്രസിഡന്റിന്റെ സ്ഥാനത്ത് ജോലി ചെയ്യുകയായിരുന്നു. ഇദ്ദേഹത്തിന്റെ ഓഫീസർമാരും അദ്ദേഹത്തിന്റെ ജോലിയിൽ വളരെ സന്തോഷവാന്മാരായിരുന്നു. ഇദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ മാതാപിതാക്കളെ കൂടാതെ ഒരു സഹോദരൻ കൂടിയുണ്ട്. അദ്ദേഹവും മസിൻസ് സംബന്ധമായ രോഗിയാണ്. ഈ കുട്ടി ഇംഗ്ലണ്ടിലെ മുബല്ലിഗായിരുന്ന ശേഖ് മുബാറക്ക് അഹ്മദ് സാഹിബിന്റെ സഹോദരന്റെ പേരക്കുട്ടിയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അല്ലാഹു ഇദ്ദേഹത്തോട് മഗ്ഫിറത്ത് ചെയ്യുമാറാകട്ടെ. തന്റെ തൃപ്തിയുടെ സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നൽകുമാറാകട്ടെ. സന്തപ്ത കുടുംബത്തിന്, മാതാപിതാക്കൾക്കും സഹോദരനും ഉന്നതമായ സഹനം പ്രദാനം ചെയ്യുമാറാകട്ടെ.

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 February 17 at: Baitul Futuh London
Translation: C.P. Sulthan Naseer Mob: 09544274240

Typing: M.P. Abdul Latheef Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**
Printed at: Digitel Image Calicut.